## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3005 13.07.2015-ൽ മറുപടിക്ക്.

### ആലപ്പുഴ ജില്ലയിലെ ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ ജനമൈത്രി പോലീസ് സംവിധാന് പ്രവർത്തിച്ചു വരുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം; | : (എ) ചേർത്തല, ആലപ്പുഴ നോർത്ത്, കായംകുളം, പുളിക്കുന്ന്, കുത്തിയതോട്, ഹരിപ്പാട്, മാവേലിക്കര, മാരാരിക്കുളം, പുന്നപ്ര, ചെങ്ങന്നൂർ, നെടുമുടി, ആലപ്പുഴ സൗത്ത്, മണ്ണാഞ്ചേരി, തൃക്കുന്നപ്പുഴ എന്നീ 14 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലെ അംഗസംഖ്യയ്ക്ക് പുറമെ എത്ര പോലീസ് ഉദ്യോഗസ്ഥരെ അധികമായി അനുവദിയ്ക്കുമെന്ന് വ്യക്തമാക്കാമോ;<br><br>(സി) ജില്ലയിൽ പ്രസ്തുത സംവിധാനമുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിയ്ക്കുമോ? | : (ബി)യും, (സി)യും) ആലപ്പുഴ ജില്ലയിൽ ജനമൈത്രി സംവിധാനം ഏർപ്പെടുത്തിയിരുന്ന 10 പോലീസ് സ്റ്റേഷനുകളിലേക്ക്, 2011 വർഷത്തിൽ, 4 സി.പി.ഒ മാരുടെയും ഒരു വനിതാ സി.പി.ഒ യുടെയും വീതം തസ്തികകൾ അധികമായി അനുവദിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ അധിക തസ്തിക അനുവദിയ്ക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ എല്ലാ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ അനുവദിയ്ക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ